# പതിനാലാം കേരള നിയമസഭ
## പത്തൊമ്പതാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1438 | 06.03.2020-ൽ മറുപടിയ്ക്ക് |
|---|---|
| **പാൽകവർ സംഭരിക്കാൻ ക്ലീൻ കേരള കമ്പനി** | |
| **ചോദ്യം** | **ഉത്തരം** |
| **ശ്രീമതി.ഷാനിമോൾ ഉസ്മാൻ** | **എ.സി.മൊയ്തീൻ<br>തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി** |
| (എ) സംസ്ഥാനത്ത് ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക്കിന് നിരോധനം വന്നതോടുകൂടി ഉപയോഗിച്ച പാൽകവർ സംഭരിക്കുവാൻ മിൽമയുമായി ക്ലീൻ കേരള കമ്പനി എന്തെങ്കിലും ധാരണയിൽ എത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) സംസ്ഥാനത്ത് ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക്കിന് നിരോധനം വന്നതിന്റെ അടിസ്ഥാനത്തിൽ എക്സ്റ്റന്റഡ് പ്രൊഡ്യൂസർ റെസ്പോൺസിബിലിറ്റി നടപ്പിലാക്കുന്നതിന്റെ ഭാഗമായി പാൽ കവറുകൾ ശേഖരിക്കുന്നതിന് ക്ലീൻ കേരളകമ്പനി മിൽമയുമായി ധാരണയായിട്ടുണ്ട്. തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ, കണ്ണൂർ എന്നീ ജില്ലകളിൽ ആണ് പ്രാഥമികമായി ഇത് നടപ്പിലാക്കുന്നത്. ഈ ജില്ലകളിൽ പാൽ കവറുകൾ ശേഖരിക്കുന്ന പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. ഹരിത കർമ്മ സേനകൾ മുഖാന്തിരമാണ് പാൽകവറുകൾ ശേഖരിക്കുന്നത്. കൂടാതെ കൃത്യമായ ശേഖരണത്തിന് ആവശ്യമായ മറ്റ് ശേഖരണ മാർഗ്ഗങ്ങളും നടത്തുന്നതാണ്. |
| (ബി) ഉപയോഗിച്ച പ്ലാസ്റ്റിക് കുപ്പി തിരിച്ചെടുക്കുന്നതിന് ബിവറേജസ് കോർപ്പറേഷൻ, ജല അതോറിറ്റി എന്നിവരുമായി കമ്പനി ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ടോ; അതിന്റെ വിശദാംശം നൽകുമോ? | (ബി) ഉപയോഗിച്ച പ്ലാസ്റ്റിക് കുപ്പി, ഗ്ലാസ് ബോട്ടിൽ, ക്യാനുകൾ എന്നിവ ശേഖരിക്കുന്നതിനായി സംസ്ഥാന ബിവറേജസ് കോർപ്പറേഷനുമായി ക്ലീൻ കേരളകമ്പനി ധാരണാപത്രം ഒപ്പു വച്ചിട്ടുണ്ട്. സംസ്ഥാനത്തെ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗരങ്ങളിലാണ് ആദ്യ ഘട്ടത്തിൽ പദ്ധതി നടപ്പിലാക്കുന്നത്. ശേഖരണ പ്രക്രിയ ആരംഭിക്കുകയും, ശേഖരിച്ചവ തരംതിരിച്ച് പുന:ചംക്രമണത്തിനായും, സംസ്കരണത്തിനായും നൽകുന്നതിനുള്ള പ്രവർത്തികൾ നടന്നു വരുന്നു. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ